**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2507 — 06.12.2018-ലെ മറുപടിയ്ക്ക്

**<u>നീന്തൽതാരം സജൻ പ്രകാശിന്റെ ശമ്പളം സംബന്ധിച്ച് പരാതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ആഭ്യന്തര വകുപ്പിൽ ജോലിചെയ്യുന്ന കേരളത്തിന്റെ അഭിമാനമായ നീന്തൽതാരം ശ്രീ.സജൻ പ്രകാശിന്റെ ശമ്പളം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചതായി അറിവുണ്ടോ;എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു;വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സജൻ പ്രകാശിന്റെ അപേക്ഷ തുടർ നടപടികൾക്കായി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുള്ളതും ആയത് ടി വകുപ്പ് പരിശോധിച്ച് വരികയുമാണ്. |
| (ബി) | സംസ്ഥാനത്തിന്റെ തന്നെ അഭിമാനങ്ങളായ സ്പോർട്സ് താരങ്ങളെ കേരളത്തിൽ നിലനിർത്തുന്നതിന് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | കായിക മേഖലയിൽ മികച്ച നേട്ടം കൈവരിക്കുന്ന കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം പ്രതി വർഷം 50 ഒഴിവുകൾ കായികതാരങ്ങളുടെ നിയമനങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ |

സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. 2014 ഏഷ്യൻ ഗെയിംസ് ഹോക്കിയിൽ സ്വർണ്ണമെഡൽ നേടിയ ഇന്ത്യൻ ടീമംഗം പി.ആർ.ശ്രീജേഷിന് പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്പോർട്സ് ഓർഗനൈസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കേരള പോലീസ് സേനയിൽ 65 പേർക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുള്ളതും ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

മികച്ച കായിക താരങ്ങൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ക്ലാസ് III, ക്ലാസ് IV തസ്തികകളിലെ നിയമനങ്ങളിൽ അധികമാർക്ക് നൽകുന്ന പദ്ധതി പ്രകാരം 32 കായിക ഇനങ്ങളെ അധികമാർക്ക് നൽകുന്നതിന് പരിഗണിച്ചുവരുന്നുണ്ട്. കൂടാതെ സർക്കാർ സർവ്വീസിലേക്ക് പി.എസ്.സി നടത്തുന്ന നിയമനങ്ങളിൽ കായിക താരങ്ങൾക്ക് 1% സംവരണം സംബന്ധിച്ച വിഷയവും പരിഗണനയിലുണ്ട്.

സംസ്ഥാന സ്കൂൾ, കോളേജ് കായിക മത്സരങ്ങളിൽ വിജയിച്ച സ്കൂൾ, കോളേജ് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കായിക താരങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

കായികതാരങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കായിക വികസന നിധി രൂപീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം കായികവികസന നിധിയിൽ നിന്നും 7 കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

ഒഡീഷ്യയിലെ ഭുവനേശ്വരിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി.യു.ചിത്രയ്ക്ക്

| | | | |
|---|---|---|---|
| | | | തുടർ പരിശീലന ചിലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500/-രൂപയും, മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ.എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000/-രൂപയും അനുവദിച്ചിട്ടുണ്ട്.<br>ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ മലയാളി കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും, നിയമന നടപടികൾ അവസാനഘട്ടത്തിലുമാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**